## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് നടപടിക്രമങ്ങൾ

പൊതുവിദ്യാഭ്യാസം – വി.എച്ച്.എസ്.വിഭാഗം – ജീവനക്കാര്യം – വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ 2019 ലെ ക്രമീകരണ സ്ഥലം മാറ്റം–ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**ജീവനക്കാര്യം (ഇ5) വിഭാഗം**

നമ്പർ.ഇ5/2155/2019 (2) തിരുവനന്തപുരം, തീയതി, 03–12–2019.

പരാമർശം:– 1. 25–10–2019 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഓഫീസ് നടപടിക്രമം.
2. 28–10–2019 തീയതിയിലെ ശ്രീമതി.ജസീന.എ.പി, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രക്കൾച്ചർ, ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് വണ്ടൂർ ന്റെ അപേക്ഷ
3. 06–11–2019 തീയതിയിലെ ശ്രീമതി.ജിജോ ഇട്ടൂപ്പ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ ഫിഷറീസ്, ജി.ആർ.എഫ്.റ്റി.എച്ച്.എസ്/വി.എച്ച്.എസ്.എസ്, ബേപ്പൂർ ന്റെ അപേക്ഷ.

### ഉത്തരവ്

പരാമർശം (1) പ്രകാരം വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലെ 2019 ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം താഴെപ്പറയുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് പൊതു സ്ഥലം മാറ്റം ലഭിച്ചിരുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്കൂളിന്റെ പേര് | പൊതുസ്ഥലംമാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1. | ശ്രീമതി.ജസീന.എ.പി, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ | ജി.വി.എച്ച്.എസ്.എസ് (ഗേൾസ്) വണ്ടൂർ | ജി.വി.എച്ച്.എസ്.എസ് നിലമ്പൂർ |
| 2. | ശ്രീമതി.ജിജോ ഇട്ടൂപ്പ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ ഫിഷറീസ് | ജി.വി.എച്ച്.എസ്.എസ് കടമക്കുടി. | ജി.ആർ.എഫ്.റ്റി.എച്ച്.എസ്/ വി.എച്ച്.എസ്.എസ്, ബേപ്പൂർ |

ടി ജീവനക്കാരുടെ സൗകര്യാർത്ഥം (2) മുതൽ (3) വരെയുള്ള പരാമർശ പ്രകാരം ക്രമീകരണസ്ഥലം മാറ്റം അനുവദിക്കണമെന്നുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ടി അപേക്ഷകൾ വിശദമായി പരിശോധിച്ചു.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് ടി ജീവനക്കാർ അപേക്ഷിച്ച സ്കൂളുകളിലേക്ക് ക്രമീകരണ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്കൂളിന്റെ പേര് | ക്രമീകരണ സ്ഥലംമാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1. | ശ്രീമതി.ജസീന.എ.പി, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ | ജി.വി.എച്ച്.എസ്.എസ് നിലമ്പൂർ ✓ | ജി.വി.എച്ച്.എസ്.എസ് (ഗേൾസ്) വണ്ടൂർ ✓ |
| 2. | ശ്രീമതി.ജിജോ ഇട്ടൂപ്പ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ ഫിഷറീസ് | ജി.ആർ.എഫ്.റ്റി.എച്ച്.എസ്/വി.എച്ച്.എസ്.എസ്, ബേപ്പൂർ ✓ | ജി.എഫ്.വി.എച്ച്.എസ്.എസ്., കൈപ്പമംഗലം ✓ |

2019 ലെ പൊതു സ്ഥലം മാറ്റത്തിനുശേഷം ടി അദ്ധ്യാപകരുടെ അപേക്ഷ പ്രകാരമുള്ള സ്ഥലം മാറ്റമായതിനാൽ ടി ക്രമീകരണ സ്ഥലം മാറ്റം ലഭിച്ച എല്ലാ തസ്തികകളും അടുത്ത വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ ഓപ്പൺ വേക്കൻസിയാകുന്നതാണ്. ആയതിനാൽ ടി അദ്ധ്യാപകരെല്ലാം അടുത്ത പൊതുസ്ഥലം മാറ്റത്തിൽ പങ്കെടുക്കേണ്ടതാണ്. 2019 ലെ പൊതു സ്ഥലം മാറ്റത്തിന്റെ യാതൊരു ആനുകൂല്യങ്ങളും ടി അദ്ധ്യാപകർക്ക് ഉണ്ടായിരിക്കുന്നതല്ല.

ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ടി അദ്ധ്യാപകരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ടി അദ്ധ്യാപകർ ബന്ധപ്പെട്ട സ്കൂളുകളിൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ടി അദ്ധ്യാപകർ വിടുതൽ/ ജോലിയിൽ പ്രവേശിക്കൽ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

ഒപ്പ്/-
ജീവൻബാബു.കെ, ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ :

1. ബന്ധപ്പെട്ട അദ്ധ്യാപകർ
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ
3. ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർ
4. എസ്.എഫ്/ഒ.സി

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ജെ/4-12-19.